# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| | |
|---|---|
| ജനുവരി<br>JANUARY 03 | 2021 |



## ശബരിമല പത്രക്കുറിപ്പ് 1

ഫോൺ : 04735–202664

www.prd.kerala.gov.in, prdnewssabarimala2021@gmail.com

**മകരവിളക്ക് ദിനം 5000 പേർക്ക് മാത്രം ശബരിമലയില് ദർശനാനുമതി**

ശബരിമലയില് മകരവിളക്ക് ദിവസമായ ജനുവരി 14 ന്, മുൻകൂട്ടി വെർച്വല് ക്യൂ വഴി ബുക്ക് ചെയ്ത 5000 ഭക്തർക്ക് മാത്രമെ അയ്യപ്പ ദർശനത്തിനുള്ള അനുമതി ഉണ്ടാവുകയുള്ളൂവെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് അഡ്വ.എന്.വാസു വ്യക്തമാക്കി. മകരവിളക്ക് ദിവസത്തേക്ക് ബുക്ക് ചെയ്യാത്ത ആരെയും ശബരിമല സന്നിധാനത്തോ പരിസരത്തോ തങ്ങുവാന് അനുവദിക്കുന്നതല്ലെന്നും പ്രസിഡന്റ് അറിയിച്ചു.

**(പി.ആര്. ശബരി - (160)**

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി<br>JANUARY | 03 | 2021 |
|---|---|---|



## ശബരിമല പത്രക്കുറിപ്പ് 2

ഫോൺ : 04735–202664

www.prd.kerala.gov.in, prdnewssabarimala2021@gmail.com

**അയ്യന് പാനകം, ദേവിക്ക് അട നിവേദ്യം;അരവണയും കടുംപായസവും മഹാപ്രസാദം**

ശബരിമലയിലെ അരവണപായസവും മാളികപ്പുറത്തെ കടുംപായസവും അയ്യപ്പനും മാളികപ്പുറത്തമ്മയ്ക്കുമുള്ള നിവേദ്യങ്ങളാണ്. ഭക്തജനലക്ഷങ്ങൾക്കത് ആശ്വാസമേകുന്ന മഹാപ്രസാദമാണ്. നിവേദ്യങ്ങള് ദേവതാ സങ്കൽപം അനുസരിച്ച് വ്യത്യാസപ്പെട്ടിരിക്കുന്നു. ശബരിമലയില് അയ്യനും മാളികപ്പുറത്ത് ദേവിക്കും സമർപ്പിക്കുന്ന നിവേദ്യങ്ങള് വ്യത്യസ്തമാണ്. ശബരിമലയില് കീഴ്ശാന്തിയുടെ സഹായിക്കും മാളികപ്പുറത്ത് മേൽശാന്തിയുടെ സഹായിക്കുമാണ് മേൽശാന്തിമാരുടെ നിർദേശങ്ങൾക്കനുസരിച്ച് നിവേദ്യങ്ങള് തയാറാക്കേണ്ട ചുമതല.

**....അയ്യന് അരവണയും പാനകവും....**

ഗണപതി ഹോമത്തിന് അഷ്ടദ്രവ്യം ഹോമിക്കും. അവല്, മലര്, ശർക്കര, കൊട്ടത്തേങ്ങ, കരിമ്പ്, നെയ്യ്, എള്ള്, കദളിപ്പഴം എന്നിവയാണ് ചേരുവകള്.ശബരിമലയില് അയ്യന് ഉഷപൂജയ്ക്ക് ചതുശ്ശതം അഥവാ ഇടിച്ചുപിഴിഞ്ഞ പായസമാണ് നിവേദ്യം. അരി, ശർക്കര, നെയ്യ്, കദളിപ്പഴം, തേങ്ങാപ്പാലുമടങ്ങിയതാണ് പായസം. രണ്ടാംപാല് മൂന്നാംപാല് എന്നിങ്ങനെ തയാറാക്കുന്ന തേങ്ങാപ്പാല് വറ്റിച്ചാണ് പായസം തയാറാക്കുന്നത്. അവസാനം ഒന്നാം തേങ്ങാപ്പാല് ചേർത്ത് നിവേദ്യമൊരുക്കും.നെയ്യഭിഷേകത്തിന് മുമ്പ് അവല്, മലര്, ത്രിമധുരം എന്നിവ നിവേദിക്കും. മുന്തിരി, കൽക്കണ്ടം, തേന്

എന്നിവ ചേർന്നതാണ് ത്രിമധുരം. ഉച്ചപൂജയ്ക്ക് മഹാനിവേദ്യമായി വെള്ളനൈവേദ്യവും അരവണപായസവും. ശർക്കരയും അരിയും നെയ്യും തേങ്ങ വറുത്തതും സുഗന്ധവ്യഞ്ജനങ്ങളും ചേർത്ത പ്രത്യേക കൂട്ടാണ് അരവണ പായസത്തിന്. മികച്ച ഉത്പന്നങ്ങള് തികഞ്ഞ ശുദ്ധിയിലാണ് അരവണപായസത്തിന് ഉപയോഗിക്കുക. ഉച്ചകഴിഞ്ഞ് നടതുറക്കുമ്പോള് മലര് നിവേദ്യം. അത്താഴപൂജയ്ക്ക് വെള്ള നൈവേദ്യമാണ് നിവേദിക്കുന്നത്. തുടർന്ന് പ്രസന്ന പൂജയ്ക്ക് പാനകം ഉണ്ണിയപ്പം, എള്ള് പായസം, പാല്, അട, താംബൂലം എന്നിവ നിവേദിക്കും. പാനകനിവേദ്യം ഔഷധഗുണമാർന്ന മഹാപ്രസാദമാണ്. ശർക്കര വെള്ളം വറ്റിച്ച് ചുക്കും കുരുമുളകും സുഗന്ധവ്യഞ്ജനങ്ങളും ഒട്ടേറെ ചേരുവകളും ചേർത്താണ് അയ്യന്റെ നിവേദ്യം തയാറാക്കുക. കൂട്ട് രഹസ്യമാണ്. അരിയും നെയ്യും വറുത്തതേങ്ങാക്കൊത്തും ചേർത്താണ് ഉണ്ണിയപ്പം തയാറാക്കുക.

**...അമ്മയ്ക്ക് കടുംപായസവും അടയും...**

മാളികപ്പുറത്തമ്മയ്ക്ക് നടതുറന്നതിനുശേഷം മലര് നിവേദിക്കും. മലര്, അവല്, പഴം, ശർക്കര എന്നിവ ചേർന്ന മലർനിവേദ്യം വെള്ളിപാത്രത്തിലാണ് നിവേദിക്കുക. ഉഷപൂജയ്ക്ക് കടുംപായസമാണ് നിവേദ്യം. അരി, കൽക്കണ്ടം, മുന്തിരി, കൊട്ടത്തേങ്ങ, നെയ്യ്, സുഗന്ധവ്യഞ്ജനങ്ങള് എന്നിവയാണ് ചേരുവകള്. ഉച്ചപൂജയ്ക്കും അത്താഴപൂജയ്ക്കും കടുംപായസം നിവേദിക്കും. പ്രസന്നപൂജയ്ക്കായി അട നിവേദിക്കും. അരിപ്പൊടിയും നെയ്യും കൂട്ടിക്കുഴച്ച് വഴറ്റിയ നാളീകേരവും ശർക്കര പാനിയും ചേർത്ത് ഇലയിലാണ് അട തയാറാക്കുന്നത്. തുടർന്ന് താംബൂല നിവേദ്യം. പഴങ്ങളും നിവേദിക്കും. ആപ്പിള്, മുന്തിരിയടക്കമുള്ള പഴവർഗങ്ങളാണ് നിവേദിക്കുക.

**(പി.ആര്. ശബരി - (161)**

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി<br>JANUARY | 03 | 2021 |
|---|---|---|



## ശബരിമല പത്രക്കുറിപ്പ് 3

ഫോൺ : 04735–202664

www.prd.kerala.gov.in, prdnewssabarimala2021@gmail.com

**ശബരിമലയിലെ നാളത്തെ ചടങ്ങുകള് (04.01.2021)**

പുലർച്ചെ 4 മണിക്ക് പള്ളി ഉണർത്തല്
5 ന്.... നട തുറക്കല്
5.05 ന്..... അഭിഷേകം
5.30 ന് ...ഗണപതി ഹോമം
6 മണി മുതല് 7 മണി വരെ നെയ്യഭിഷേകം
7.30 ന് ....ഉഷപൂജ
7.45 ന് ...ബ്രഹ്മരക്ഷസ് പൂജ
8 ന് ....ഉദയാസ്തമന പൂജ
9 മണി മുതല് 11 മണി വരെ നെയ്യഭിഷേകം
11.45 ന് ....25 കലശാഭിഷേകംതുടർന്ന് കളഭാഭിഷേകം
12.30 ന് ഉച്ചപൂജ
1 മണിക്ക് ക്ഷേത്രനട അടയ്ക്കല്
4 മണിക്ക് ക്ഷേത്രനട തുറക്കും
6.30 ന് ദീപാരാധന
6.45 മുതല് പടിപൂജ
8.30 മണിക്ക് ....അത്താഴപൂജ
8.50 ന് ഹരിവരാസനം സങ്കീർത്തനം പാടി 9 മണിക്ക് ശ്രീകോവില് നട അടയ്ക്കും.

(പി.ആര്‍. ശബരി - (162)


വാര്‍ത്തകള്‍
ഇനി കാണാം...
കേള്‍ക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈല്‍ ആപ്ലിക്കേഷനാണ്.
ആന്‍ഡ്രോയിഡ് വേര്‍ഷനിലുള്ള
എല്ലാ സ്മാര്‍ട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറില്‍ നിന്നും PRD LIVE
ഡൗണ്‍ലോഡ് ചെയ്യാം.